(ഡി) ഗ്രാമീണ പശ്ചാത്തല വികസന മൂലധനനിധിയുടെ സഹായത്തോടെ വയനാട് ജില്ലയിൽ ഒരു നൂതന അറവുശാലയും മാംസ സംസ്ക്കരണ പ്ലാന്റും സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ഈ പ്രോജക്ട് ബ്രഹ്മഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി മുഖേനയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഈ സാമ്പത്തികവർഷം 4.25 കോടി രൂപയാണ് ഇതിനുവേണ്ടി ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്.

പോത്തിറച്ചി സംസ്കരണ ഫാക്ടറി

125 (191) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിയാരം ഗ്രാമപഞ്ചായത്തിലെ കാഞ്ഞിരപ്പിള്ളിയിൽ എം. പി. ഐ. യുടെ പോത്തിറച്ചി സംസ്കരണ ഫാക്ടറി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്നത്തേക്ക് ഫാക്ടറിയുടെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചാലക്കുടിയിലെ പരിയാരം ഗ്രാമപഞ്ചായത്തിലെ കാഞ്ഞിരപ്പിള്ളിയിൽ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെയും ചെന്നൈയിലെ സഹകാര്യസഹായനമായ വെർജിൻ ഫുഡ് സർവ്വീസ്സിന്റെയും സംയുക്ത സംരംഭത്തിൽ ഒരു ഹൈടെക് മീറ്റ് പ്രോസസ്സിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ശുപാർശകൾ പരിശോധിച്ചു വരുന്നു.

(ബി) ഭരണാനുമതി നൽകിയതിനുശേഷമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയും.

കുട്ടനാട്ടിലെ മൃഗാശുപത്രികളുടെ വികസനം

126 (192) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഞ്ചരിക്കുന്ന മൃഗാശുപത്രി സംവിധാനം കുട്ടനാട്ടിൽ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) കുട്ടനാട്ടിലെ മൃഗാശുപത്രികളിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ രണ്ട് സഞ്ചരിക്കുന്ന മൃഗാശുപത്രികൾ നിലവിലുള്ളതിൽ ആലപ്പുഴ മോട്ടോർ ബോട്ട് വെറ്ററിനറി ഹോസ്പിറ്റലിന്റെ സേവനം കൂടുതലും കുട്ടനാട് മേഖലയിൽ കേന്ദ്രീകരിച്ചാണ്

LIBRARY ARCHIVES Kerala Legislative Assembly